**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വിഷയം: ആ.വ.ഡ-മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതു സ്ഥലംമാറ്റം 2026-പബ്ലിക് ഹെൽത്ത് നഴ്സ്, പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ, പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്യൂട്ടർ തസ്തികകളിലെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:
1. സ. ഉ. (പി) നം. 3/2017/ഉ.ഭയ.പ.വ തീയതി, 25.02.2017
2. സ.ഉ. (സാധാ) നം. 1097/2026/H&FWD, തീയതി 14.03.2026
3. സ.ഉ. (സാധാ) നം. 1369/2026/H&FWD, തീയതി 10/04/2026 4.സർക്കുലർ നം. ഇ.എച്ച്.1 31371/2025/ ആ.വ.ഡ. തീയതി 13.04.2026
5. ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ.
6. ഉത്തരവ് നം. DHS/11712/2026-FWA5 തീയതി : 30.05.2026

**ഉത്തരവ് നം. DHS/11712/2026-FWA5 തീയതി: 03-07-2026**

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ 2026 പൊതു സ്ഥലമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം പബ്ലിക് ഹെൽത്ത് നഴ്സ്, പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ, പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്യൂട്ടർ എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത തസ്തികകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള ജീവനക്കാരാരും തന്നെ പരാമർശം (1) ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതു സ്ഥലമാറ്റ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അർഹരായി കാണുന്നില്ല. ആയതിനാൽ ടി തസ്തികകളിൽ നിലവിൽ ആരേയും പൊതു സ്ഥലമാറ്റ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അർഹരല്ല എന്നതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ അവസാനിപ്പിച്ച് പരാമർശം (6) പ്രകാരം കരട് നടപടിക്രമം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ഈ തീരുമാനത്തിൽ ആക്ഷേപം ഉള്ളവർ അപ്പീൽ ഫയൽ ചെയ്യുവാനും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. പരാമർശം (6) പ്രകാരം പ്രസിദ്ധീകരിച്ച കരട് നടപടിക്രമം സംബന്ധിച്ച് ടി വിഭാഗം ജീവനക്കാരിൽ നിന്നും പൊതു സ്ഥലംമാറ്റ മാനദണ്ഡ അടിസ്ഥാനത്തിലുള്ള അപ്പിൽ അപേക്ഷകൾ ഒന്നും തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത സാഹചര്യത്തിൽ കരട് നടപടിക്രമത്തിൽ ആക്ഷേപങ്ങൾ ഒന്നും തന്നെയില്ല എന്ന് വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ, ആരോഗ്യ വകുപ്പിലെ പബ്ലിക് ഹെൽത്ത് നഴ്സ്, പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ, പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്യൂട്ടർ എന്നീ തസ്തികകളിലെ ജീവനക്കാരുടെ 2026 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച തുടർ നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Meenakshy V
Date: 03-07-2026
00:05:15

**ഡോ. മീനാക്ഷി വി.**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്:

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. ഫയൽ/കരുതൽ ഫയൽ